(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ അയിത്തം നിലനിൽക്കുന്നുണ്ടോ ;

(ബി) തിരുവനന്തപുരം ഗ്രൂപ്പിലെ ശ്രീവരാഹം ക്ഷേത്രത്തിൽ അഭിഷേകത്തിന് കൊണ്ടുവരുന്ന പാൽ അഭിഷേകത്തിന് എടുക്കുന്നതിൽ പക്ഷപാതപരമായ സമീപനം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചിലർ കൊണ്ടുവരുന്ന അഭിഷേക സാധനങ്ങൾ പുറത്ത് പാത്രത്തിൽ പകർന്ന് മാറ്റുന്നത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം അയിത്തങ്ങളും പക്ഷപാതപരമായ നടപടികളും അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സംബന്ധിച്ച് യാതൊരു പരാതിയും കിട്ടിയിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ക്ഷേത്രത്തിൽ അഭിഷേകം നടത്തുന്നതിനായി കൊണ്ടുവരുന്ന പൂജാദ്രവ്യങ്ങൾ വിശിഷ്യാപാൽ, അഭിഷേകം നടത്തുന്ന സൗകര്യത്തിലേക്ക് ദേവസ്വം വക പാത്രങ്ങളിൽ പകർന്ന് വയ്ക്കാറുണ്ടെന്നും ചെറിയ പാത്രങ്ങളിലാക്കി പലരും അഭിഷേകത്തിനുള്ള പാൽ കൊണ്ടുവരുന്നത് പതിവാകയാൽ, രാവിലെ 6 മണിക്ക് നടക്കുന്ന അഭിഷേകത്തിന് കൊണ്ടു വരുന്ന പാൽ ദേവസ്വംവക പാത്രത്തിൽ ശേഖരിച്ചശേഷം ഒരുമിച്ചാണ് അഭിഷേകം നടത്തുന്നതെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) 'എ' യുടെയും 'ബി' യുടെയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വടശ്ശേരി മനയ്ക്കൽ വി.എൻ. കേശവൻ നമ്പൂതിരിക്ക് ആനുകൂല്യങ്ങൾ

55 (1612) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നടുവിൽ മഠം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ കാര്യസ്ഥൻ ആയിരുന്ന പാലക്കാട് താലൂക്ക് കോങ്ങാടംശം പാറശ്ശേരി ദേശത്ത് വടശ്ശേരി മനയ്ക്കൽ വി. എൻ. കേശവൻ നമ്പൂതിരിക്ക് 1-1-1995 മുതൽ പുതുക്കിയ ശമ്പള നിരക്കിന് അർഹതയുണ്ടെന്ന് റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോഴ്സ്മെന്റ് (അഡ്മിനിസ്ട്രേഷൻ) വകുപ്പ് കമ്മീഷണറുടെ ആർ.പി. 11/99 നമ്പർ കേസിൻ മേലുള്ള 7-11-2000-ലെ എഫ്.ആർ. 4/6532/99 വിധിയിൽ ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന് അതനുസരിച്ചുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുള്ളത് ; ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ അദ്ദേഹത്തിന് നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരാനുകൂല്യവും അദ്ദേഹത്തിന് നൽകാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ; ഈയിനത്തിൽ അദ്ദേഹത്തിന് ഒട്ടാകെ എന്ത് തുക കിട്ടാനുണ്ട് ;

(ഡി) ഇക്കാര്യം സംബന്ധിച്ച് അദ്ദേഹം വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1/95 മുതൽ 2/99 വരെ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന് അർഹതയുണ്ട്. 10,800 രൂപ ക്ഷേത്ര ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

(സി) ക്ഷേത്ര ഫണ്ടിൽ നിന്നും ക്ഷേത്ര ഭരണാധികാരികളാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്. ആനുകൂല്യങ്ങൾ നൽകാൻ സാമ്പത്തികമായി കഴിവില്ലാത്ത ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും സഹായധനം അനുവദിക്കാറുണ്ട്. ഈ കാര്യത്തിൽ ക്ഷേത്ര ഭരണാധികാരികളിൽ നിന്ന് സഹായധനം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകളൊന്നും ഹിന്ദുമത ധർമ്മസ്ഥാപന വകുപ്പ് കമ്മീഷണർക്ക് ലഭിച്ചിട്ടില്ല. എന്ത് തുക കിട്ടാനുണ്ട് എന്ന് സംബന്ധിച്ച് ക്ഷേത്രം റിക്കോർഡുകൾ പരിശോധിക്കേണ്ടതുണ്ട്.

(ഡി) നിവേദനം ആവശ്യമായ നടപടികൾക്കായി ഹിന്ദുമതധർമ്മസ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ശ്രീ. കേശവൻ നമ്പൂതിരിക്ക് കിട്ടാനുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വില്ലേജുകളുടെ പുനഃസംഘടന

56 (1613) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജുകൾ പുനഃസംഘടന നടത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ എത്ര വില്ലേജുകൾ പുനഃസംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പുനഃസംഘടനയുടെ ഫലമായി പുതുതായി എത്ര വില്ലേജുകൾ രൂപീകരിക്കേണ്ടതായി വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) റവന്യൂ യൂണിറ്റുകളുടെ വിഭജനം സർക്കാരിന് വളരെയധികം സാമ്പത്തികഭാരം ഉണ്ടാക്കുന്ന കാര്യമാണ്. എന്നിരുന്നാലും ചില വില്ലേജുകളും താലൂക്കുകളും പുനഃസംഘടിപ്പിക്കുന്നകാര്യം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly